**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് -തൃശ്ശൂർ ജില്ല — ദേശമംഗലം ഗ്രാമപഞ്ചായത്ത് - ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 17- ഓഡിറ്റ് തടസ്സം - സാധൂകരണം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ. (സാധാ) നം. 2358/14/തസ്വഭവ.                തിരുവനന്തപുരം, തീയതി: 05/09/2014

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 28/01/2014-ലെ എം3-2490/14 നമ്പർ കത്ത്.
2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 23/07/2014-ലെ L.F. PT2/4835/14 നമ്പർ കത്ത്.
3) 13/10/1997-ലെ സ.ഉ (സാധാ) നം. 3342/97/തസ്വഭവ നമ്പർ ഉത്തരവ്.

## <u>ഉത്തരവ്</u>

തൃശ്ശൂർ ജില്ലയിലെ ദേശമംഗലം ഗ്രാമപഞ്ചായത്തിന്റെ 1997-98 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 17 പ്രകാരം 6,225/- രൂപയുടെ ചെലവ് ആഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. ആയതിന് സാധൂകരണം നൽകണമെന്നാവശ്യപ്പെട്ട് ഗ്രാമപഞ്ചായത്തിന്റെ 05/12/2012-ലെ 20(3) നമ്പർ തീരുമാനത്തിന്റെയും 20/08/2013-ലെ 2(10) നമ്പർ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം 1 പ്രകാരം ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

പരാമർശം 3-ലെ സർക്കാർ ഉത്തരവ് കർശനമായി പാലിച്ചുകൊണ്ട് കേരളോത്സവ ചെലവുകൾ പരിമിതപ്പെടുത്തേണ്ടതാണെന്നും ഇതൊരു കീഴ് വഴക്കമായി ആവർത്തിക്കരുത് എന്ന താക്കീതോടെയും ടി ചെലവിന് സാധൂകരണം നൽകാവുന്നതാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ പരാമർശം 2 പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലെ ദേശമംഗലം ഗ്രാമപഞ്ചായത്തിന്റെ 1998-1999 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 17 പ്രകാരം സർക്കാർ ഉത്തരവിന് വിരുദ്ധമായി 6,225/- രൂപ (ആറായിരത്തി ഇരുന്നൂറ്റി ഇരുപത്തിയഞ്ച് രൂപ മാത്രം)യുടെ ചെലവിന് സൂചന 3-ലെ സർക്കാർ ഉത്തരവ് കർശനമായി പാലിച്ചുകൊണ്ട് കേരളോത്സവ ചെലവുകൾ പരിമിതപ്പെടുത്തേണ്ടതാണെന്നും ഇതൊരു കീഴ് വഴക്കമായി ആവർത്തിക്കരുത് എന്ന താക്കീതോടെ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പ്രസന്നകുമാരി. എം.സി,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
സെക്രട്ടറി, ദേശമംഗലം ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ